# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **165/2026** തിരുവനന്തപുരം, തീയതി : **05/08/2026**

## പത്രക്കുറിപ്പ്

### കേരള സർവകലാശാല
### ബിരുദ (FYUGP) പ്രവേശനം 2026
### കോളേജ് പ്രവേശനം ആഗസ്റ്റ് 11 വരെ നീട്ടിയിരിക്കുന്നു

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്ക് ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിലൂടെ ബിരുദ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കുന്നതിന് ആഗസ്റ്റ് 11 വരെ സമയം അനുവദിച്ചിരിക്കുന്നു. FYUGP പ്രോഗ്രാമുകളുടെ പുതുക്കിയ ഷെഡ്യൂൾ അഡ്മിഷൻ പോർട്ടലിൽ ലഭ്യമാണ്.

വിശദവിവരങ്ങൾക്ക് വെബ്സൈറ്റ്:(https://admissions.keralauniversity.ac.in/fyugp2026)
ഹെൽപ്പ് ലൈൻ നമ്പർ : 8281883052 (Whatsapp also)
ഇമെയിൽ : ach@keralauniversity.ac.in

### പരീക്ഷാവിജ്ഞാപനം

കേരള സർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (റെഗുലർ - 2022 അഡ്മിഷൻ, സപ്ലിമെന്ററി - 2018 - 2021 അഡ്മിഷൻ), സെപ്റ്റംബർ 2026 പരീക്ഷാവിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ആഗസ്റ്റ് 17 വരെ) അപേക്ഷിക്കാം. യോഗ്യത : പ്ലസ് ടു / പ്രീ – ഡിഗ്രി ജയിച്ചിരിക്കണം, കോഴ്സ് കാലാവധി : ആറു മാസം, ക്ലാസുകൾ : ശനി, ഞായർ ദിവസങ്ങളിൽ, കോഴ്സ് ഫീസ് : Rs. 9000/-, ഉയർന്ന പ്രായ പരിധി ഇല്ല. **www.keralauniversity.ac.in** നിന്നും (യൂണിവേഴ്സിറ്റി വെബ്സൈറ്റ്) Academic – Centres - Centre for Adult Continuing Education and Extension page) അപേക്ഷാഫോറം ഡൗൺലോഡ് ചെയ്ത് SBI യിൽ A/c. No. 57002299878 ൽ Rs. 100 രൂപ അടച്ച രസീതും സർട്ടിഫിക്കറ്റുകളുടെ പകർപ്പും സഹിതം പി.എം.ജി. ജംഗ്ഷനിലെ സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസ്സിലെ CACEE ഓഫീസിൽ എത്തിക്കേണ്ടതാണ്. അവസാന തീയതി : 2026 ആഗസ്റ്റ് 17.

# വൈവവോസി പരീക്ഷ തീയതി പുനഃക്രമീകരിച്ചു

കേരള സർവകലാശാല 2026 ആഗസ്റ്റ് 6 ന് പത്തനാപുരം സെന്റ് സ്റ്റീഫൻസ് കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ എംഎസ്‌സി കെമിസ്ട്രി, ഏപ്രിൽ 2026 പരീക്ഷയുടെ വൈവവോസി പരീക്ഷ ആഗസ്റ്റ് 7 ലേക്ക് പുനഃക്രമീകരിച്ചിട്ടുണ്ട്. പരീക്ഷാ കേന്ദ്രത്തിലോ സമയത്തിലോ മാറ്റമില്ല. ഫോൺ : 0471-2302523.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**